“വിശ്വാസത്താലത്രേ ഞങ്ങൾ ജീവിക്കുന്നത്”

# മന്ദിരം ന്യൂസ്

മുണ്ടകപ്പാടം മന്ദിരം സൊസൈറ്റി, മാങ്ങാനം, കോട്ടയം 686018

*Tel: 0481- 2572063, 2575180 Email: mandiramsktm@gmail.com*

*website: www.mandiram.org*

(For private circulation)



Mr. P.C. George
(1901 - 1951)
Founder: Mandirams

Vol : 16 OCTOBER - 2017 No - 10

## ഉപ്പുപോലെ ഒരു ജീവിതം

യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു.
(വി. മത്തായി 5:13)

ഗലീലയിലും പരിസരങ്ങളിലും ഉള്ള പള്ളികളിൽ ഉപദേശിച്ചും സുവിശേഷം പ്രസംഗിച്ചും രോഗികളെ സുഖപ്പെടുത്തിയും യേശു ചുറ്റിസഞ്ചരിക്കുന്ന നാളുകളായിരുന്നു. അവൻ പോയ ഇടങ്ങളിലെല്ലാം വലിയൊരു ജനക്കൂട്ടം അവനെ പിൻതുടർന്നിരുന്നു. അവന്റെ അത്ഭുതകരമായ വാക്കുകളും പ്രവൃത്തികളും ആയിരുന്നു അവർക്ക് അതിനുള്ള പ്രേരണ.

തന്റെ ശിഷ്യന്മാർ അവരെപ്പോലെ ആകരുത് എന്ന് യേശു ആഗ്രഹിച്ചു. അതുകൊണ്ട് അവരിൽ നിന്നുമാറ്റി നിർത്തി അവൻ ശിഷ്യന്മാരോടു പറഞ്ഞു: നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു.

അപരിചിത വസ്തുക്കളെ പരിചിത വസ്തുക്കളുമായി ബന്ധപ്പെടുത്തി സുഗ്രഹമാക്കുന്നതിന് യേശു പലപ്പോഴും ഉപയോഗപ്പെടുത്തിയിരുന്ന ഉപമയെന്ന ഉപായത്തിന് ഇതു മറ്റൊരു ഉദാഹരണം. ജീവിതസംബന്ധമായി തന്റെ ശിഷ്യന്മാർക്ക് അവശ്യം ഉണ്ടാകേണ്ട അറിവിന്റെ ഒരു അനർഘരത്നം.

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നുവെന്നാൽ ഉപ്പുപോലൊരു ജീവിതമാണ് ഭൂമിയിൽ നിങ്ങൾക്കുണ്ടാകേണ്ടതെന്ന് അർത്ഥം.

ആഹാരത്തിനു രുചി പകരുകയാണ് ഉപ്പിന്റെ ധർമ്മം. അതിനു കഴിയാതെപോയാൽ അത് ഉപയോഗശൂന്യം. രുചി നഷ്ടപ്പെടാത്ത ഉപ്പിനെപ്പോലെ മനുഷ്യർക്ക് ഉപയോഗപ്രദമാകണം, സന്തോഷകരമാകണം ക്രിസ്തുശിഷ്യന്മാരുടെ ജീവിതം. ദൈവരാജ്യസങ്കല്പനങ്ങൾക്കനുസരണമായി ക്രൈസ്തവ കാഴ്ചപ്പാടുകൾ നിലനിർത്തിക്കൊണ്ടുള്ള പ്രവർത്തനത്തിലൂടെയേ അതിനു കഴിയൂ. സ്വയം അലിഞ്ഞലിഞ്ഞില്ലാതായി.................

ഡോ. സി.ജെ. റോയ്
എഡിറ്റർ

## മന്ദിരം കുടുംബം

മന്ദിരം കുടുംബത്തിൽ ഇപ്പോൾ 107 അംഗങ്ങൾ ഉണ്ട്. 73 സ്ത്രീകളും 34 പുരുഷന്മാരും. മന്ദിരാംഗങ്ങളായ ശ്രീമതി അക്കാമ്മ വർഗീസ് (91), ദേവലോകം, ശ്രീ. റ്റി.പി. വാസുദേവൻ നായർ (65), ആർപ്പൂക്കര എന്നിവർ നിര്യാതരായി.

## മന്ദിരം വാർഷികം

ദൈവത്തിന്റെ അളവറ്റ കാരുണ്യത്താൽ മന്ദിരത്തിന്റെ 84-ാം വാർഷിക പരിപാടികൾ അനുഗ്രഹകരമായി നടത്തപ്പെട്ടു. സ്ഥാപക ദിനമായ സെപ്തംബർ ഒന്നിന് റവ. ഫാ. ഡോ. എം.പി. ജോർജ്ജ് ആരാധനയ്ക്കും വിശുദ്ധ കുർബ്ബാനയ്ക്കും നേതൃത്വം നൽകി. തുടർന്നുള്ള ഞായറാഴ്ചകളിൽ വെരി.റവ. എൻ. എം. ചെറിയാൻ, റവ. സി.സി. ജേക്കബ്, റവ. ഫാ. കെ.വി.പൗലോസ്, അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ എന്നിവരും സെപ്തംബർ 13 ബുധനാഴ്ച റവ. ഫാ. എം.കെ. കുര്യനും വി. കുർബ്ബാനയ്ക്ക് നേതൃത്വം നൽകി.

സെപ്റ്റംബർ 12, 17 തീയതികളിൽ മന്ദിരം സ്നേഹിതർക്കായുള്ള കലാമത്സരങ്ങളും 16-ാം തീയതി മന്ദിരാംഗങ്ങൾക്കായുള്ള മത്സരങ്ങളും നടത്തി.സെപ്റ്റംബർ 18 മുതൽ 23 വരെ നടന്ന മന്ദിരം കൺവൻഷനിൽ റവ.ഫാ. സജി വർഗീസ് അമയിൽ, റവ. ബോബി ഫിലിപ്പ്, റവ. ജേക്കബ് ഡാനിയേൽ, റവ. കെ. തോമസ്, റവ. ജോബി അവണക്കാട്ടിൽ, ഡോ. ബിജു ജേക്കബ് IA & AS എന്നിവർ വചന ശുശ്രൂഷ നടത്തി.

സെപ്തംബർ 24 ന് ഉച്ചയ്ക്ക് 3.00 ന് നടന്ന വാർഷിക സമ്മേളനത്തിൽ മന്ദിരം ചെയർമാൻ ഡോ. എം.ഐ. ആൻഡ്രൂസ് അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ മുഖ്യാതിഥിയായിരുന്നു. വാർഷികത്തോടനുബന്ധിച്ചു നടത്തിയ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്തു.

SSLC, Plus Two പരീക്ഷകളിൽ ഉന്നത വിജയം നേടിയ ചൈൽഡ് സ്പോൺസർഷിപ്പ് പ്രോജക്ടിലെ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകി.

## ഭാരവാഹികൾ

മന്ദിരം സൊസൈറ്റിയുടെ അടുത്ത മൂന്നുവർഷത്തെ ഭാരവാഹികളായി റവ.ഫാ.കെ.വി. പൗലോസ് (ചെയർമാൻ), ശ്രീ. ജോർജ്ജ് വർഗീസ് (ഡപ്യൂട്ടി ചെയർമാൻ), പ്രൊഫ. ജോർജ്ജ് പി. വർക്കി (സെക്രട്ടറി), ശ്രീ. ജേക്കബ് ഏബ്രഹാം ( അസ്സോസിയേറ്റ് സെക്രട്ടറി), ശ്രീ. ജോർജ്ജ് കുര്യൻ (ട്രഷറാർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

## സന്ദർശനം

പുതുപ്പള്ളി ഡോൺബോസ്കോ സ്കൂളിലെ N.S.S.വോളന്റിയർമാരും അദ്ധ്യാപകരും മന്ദിരം സന്ദർശിച്ച് ഭക്ഷണസാധനങ്ങൾ നൽകി. മാവേലിക്കര ഷാരോൺ ഫെലോഷിപ്പ് സണ്ടേസ്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരും മന്ദിരം സന്ദർശിച്ചു.

## മന്ദിരം ആശുപത്രി

### അസ്ഥി രോഗ വിഭാഗം

**ഡോ. ജോൺ ജോർജ്ജ്** M.S., D. Ortho

( ബുധൻ, ശനി)

**ഡോ. ബെഞ്ചമിൻ ജോർജ്ജ്** M.S. Ortho

(ചൊവ്വ, വ്യാഴം)

**ഡോ. സുജിത്ത് എസ്. മാത്തുണ്ണി** M.S.Ortho

(തിങ്കൾ മുതൽ ശനി വരെ)

മുട്ടുമാറ്റിവയ്ക്കൽ, ഇടുപ്പെല്ല്, നട്ടെല്ലിന്റെ ശസ്ത്രക്രിയകൾ, അസ്ഥിരോഗസംബന്ധമായ എല്ലാ ചികിത്സകളും ലഭ്യമാണ്.

## ഫിസിയോതെറാപ്പി യൂണിറ്റ്

ശ്രീ. കെ.ജെ. അലക്സാണ്ടറുടെ നേതൃത്വത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഫിസിയോതെറാപ്പി വിഭാഗവും പ്രവർത്തിക്കുന്നു.

**പ്രാർത്ഥനയിൽ ഓർമ്മിക്കാം**

*മന്ദിരം സൊസൈറ്റിയുടെ പുതിയ ഭരണസമിതി അംഗങ്ങൾ, മന്ദിരം, ബാലികാമന്ദിരം, വയോജന മന്ദിരം എന്നിവയിൽ താമസിക്കുന്നവർ, മന്ദിരം പ്രവർത്തകർ, മന്ദിരം ആശുപത്രിയിലെ ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ഓഫീസ് സ്റ്റാഫ്, മറ്റ് ജീവനക്കാർ എന്നിവരെ നമുക്ക് പ്രാർത്ഥനയിൽ ഓർമ്മിക്കാം.*

### മന്ദിരം ചാപ്പൽ ആരാധന ഒക്ടോബർ 2017

| | | | | | | |
|---|---|---|---|---|---|---|
| 01-10-17 | ഞായർ 7.30 AM | - | സി. എസ്. ഐ. | - | റവ. സി.സി. ജേക്കബ് |
| 08-10-17 | ഞായർ 7.30 AM | - | മാർത്തോമ്മാ | - | വെരി.റവ. എൻ.എം. ചെറിയാൻ |
| 11-10-17 | ബുധൻ 7.00 AM | - | ഓർത്തഡോക്സ് | - | റവ.ഫാ.എം.കെ. കുര്യൻ |
| 15-10-17 | ഞായർ 7.30 AM | - | സി. എസ്. ഐ. | - | റവ. സി.സി. ജേക്കബ് |
| 22-10-17 | ഞായർ 7.30 AM | - | മാർത്തോമ്മാ | - | വെരി.റവ. എൻ.എം. ചെറിയാൻ |
| 29-10-17 | ഞായർ 7.00 AM | - | ഓർത്തഡോക്സ് | - | റവ.ഫാ. കെ.വി. പൗലോസ് |

## മന്ദിരങ്ങളുമായി എങ്ങനെ സഹകരിക്കാം

1933 ൽ ശ്രീ. പി.സി. ജോർജ്ജും സഹോദരി ലേയാമ്മയും സ്നേഹിതരും ചേർന്ന് ആരംഭിച്ച മുണ്ടകപ്പാടം അഗതി മന്ദിരത്തിൽ ഇപ്പോൾ അംഗസംഖ്യ 107. അനുബന്ധ സ്ഥാപനമായ ബാലികാ മന്ദിരത്തിൽ അനാഥരായ പെൺകുട്ടികളുടെ എണ്ണം ആറ്. മന്ദിരത്തിന്റെ ആവശ്യങ്ങൾ താങ്കളെപ്പോലെയുള്ളവരിലൂടെ ദൈവം നിറവേറ്റിക്കൊണ്ടിരിക്കുന്നു. ആയിരത്തിൽപരം ഭവനങ്ങളിൽ നിന്നും ലഭിക്കുന്ന പിടിയരിയും വാർഷിക പിരിവും, മന്ദിരം സ്നേഹിതർ അവരുടെ പ്രിയപ്പെട്ടവരുടെ ജന്മദിനം, ഓർമ്മദിവസം, വിവാഹവാർഷികം തുടങ്ങിയവയോടനുബന്ധിച്ചു നൽകുന്ന സംഭാവനകളുമാണ് മന്ദിരത്തെ നിലനിർത്തുന്നത്. മുൻ വർഷങ്ങളിൽ താങ്കളിൽ നിന്നു ലഭിച്ച സഹായത്തിന് നന്ദി. വിശ്വാസത്താൽ ജീവിക്കുന്ന ഈ സ്ഥാപനത്തെ നിങ്ങളുടെ ചിന്തയ്ക്കും പ്രാർത്ഥനയ്ക്കും വീണ്ടും സമർപ്പിക്കുന്നു.

| | | |
|---|---|---|
| പ്രഭാത ഭക്ഷണം | - | Rs. 1000 |
| ഉച്ചഭക്ഷണം | - | Rs. 2000 |
| വൈകുന്നേരത്തെ ഭക്ഷണം | - | Rs. 1000 |
| പ്രത്യേക ഭക്ഷണം (ഉച്ചയ്ക്ക്) | - | Rs. 3000 - 5000 |
| പാലിയേറ്റീവ് ഹോം കെയർ (പ്രതിമാസം) | - | Rs. 1000 - 3000 |
| ഒരു ബാലികയെ സ്പോൺസർ ചെയ്യുന്നതിന് ഒരു വർഷം | - | Rs. 3000 - 5000 |

**പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കായി എൻഡോവ്മെന്റുകൾ ഏർപ്പെടുത്താം.**
**സ്മാരക മുറികൾ സ്പോൺസർ ചെയ്യാം**

**സഹായം എത്തിക്കാനുള്ള വിലാസം : ട്രഷറാർ, മന്ദിരം സൊസൈറ്റി, മാങ്ങാനം, കോട്ടയം – 686018**

സംഭാവനകൾക്ക് ആദായ നികുതി നിയമത്തിലെ
Sec.80 G പ്രകാരമുള്ള ഇളവ് ലഭിക്കുന്നതാണ്

**ഫോൺ**

മുണ്ടകപ്പാടം മന്ദിരം
0481- 2572063, 2575180

മന്ദിരം ആശുപത്രി
0481- 2578393, 2578323

*Printed and published by*
*The Secretary, Mundakapadam Mandiram Society, Manganam, Kottayam*
*Editorial Board: Dr. C.J. Roy, Mr. Cherian George, Mrs. Annie Kurian*